കുഴപ്പമില്ലെന്ന് വനം വകുപ്പ് അസിസ്റ്റന്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വനംവകുപ്പിന്റെ സാക്ഷ്യപത്രവും കിട്ടി. മഹാഗണി മരത്തിനും മറ്റ് വൃക്ഷങ്ങളുടെ വേരുകൾക്കും ഭീഷണിയാകാത്തവിധത്തിലാണ് സബ് സ്റ്റേഷൻ പണിയാൻ തീരുമാനിച്ചിരിക്കുന്നത്. അവിടെയുള്ള മറ്റ് മരങ്ങളും മുറിച്ചു കളയത്തില്ല. മഹാഗണി അവിടെ വളരെ സുരക്ഷിതമായിട്ടുണ്ടാകും. അങ്ങയുടെ വികാരം മനസ്സിലാക്കുന്നു. ഗവൺമെന്റിനും ആ അഭിപ്രായം തന്നെയാണ്.

(2) ഉടുമ്പൻചോല താലൂക്കിലെ കമ്പംമെട്ട് മണിയാമ്പ്രക്കടയിലുണ്ടായ ഭക്ഷ്യ വിഷബാധ

ശ്രീ. കെ.കെ. ജയചന്ദ്രൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കമ്പംമെട്ട് എന്ന പ്രദേശത്തെ മണിയാമ്പ്രക്കട എന്ന സ്ഥലത്ത് ഭക്ഷ്യവിഷ ബാധയെത്തുടർന്ന് നൂറിലധികം ആളുകൾ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട സംഭവമുണ്ടായി. ഞാൻ ആ സംഭവ സ്ഥലത്ത് പോയി അന്വേഷിച്ചപ്പോൾ, അവിടെ മധു പുത്തൻപുരയ്ക്കൽ എന്നയാൾ ഒരു പുതിയ വീടുണ്ടാക്കി ആ വീട്ടിൽ കയറി താമസിക്കുന്നതുമായി ബന്ധപ്പെട്ട് സദ്യ നടത്തുമ്പോൾ അതിൽ പങ്കെടുത്ത ആളുകൾക്കാണ് ഈ ദുരന്തം ഉണ്ടാകാനിടയായത്. പക്ഷേ പ്രധാനപ്പെട്ട പ്രശ്നം മധുവുമായി വ്യക്തിപരമായി വൈരാഗ്യമുള്ള ആരോ ആണ് ആഹാരം പാകം ചെയ്യുന്നതിനിടയിൽ എൻഡോസൾഫാൻ കലർത്തിയത് എന്നാണ് റിപ്പോർട്ട് വന്നിരിക്കുന്നത്. ജനങ്ങളാകെ ഭയവിഹ്വലരാണ്. മനഃപൂർവ്വം ആഹാരത്തിൽ വിഷം കലർത്തി പകപോക്കാൻ ശ്രമിച്ചിട്ടുള്ള കുറ്റവാളികൾക്കെതിരെ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പോലീസിനെയും സമീപിക്കുകയുണ്ടായി. സ്വാഭാവികമായും പോലീസ് സംശയാസ്പദമായ ആളുകളെ വിളിച്ച് ക്വസ്റ്റ്യൻ ചെയ്യുന്നതിന് പകരം ഭക്ഷ്യവിഷബാധയേറ്റ ആളുകളെ തന്നെ കമ്പംമെട്ട് പോലീസ് പീഡിപ്പിച്ചു കൊണ്ടിരിക്കുന്ന സ്ഥിതിയാണ് ഇപ്പോൾ നിലവിലുള്ളത്. അതുകൊണ്ട് ഇക്കാര്യത്തിൽ ഇവർക്കാവശ്യമായ സംരക്ഷണം കൊടുക്കണം. മനഃപൂർവ്വം ഇത്തരം ക്രൂരകൃത്യം ചെയ്തിട്ടുള്ളവർക്കെതിരായി നടപടിയെടുക്കണം. അവരെ മാതൃകാപരമായി ശിക്ഷിക്കാനുള്ള നടപടിയെടുക്കണം. തികച്ചും കൂലിപ്പണിക്കാരും സാധാരണക്കാരായിട്ടുള്ളവരുമാണ് ഭക്ഷ്യവിഷബാധയേറ്റവർ. അവർക്കാവശ്യമായ സംരക്ഷണം കൊടുക്കാനും സാമ്പത്തിക സഹായം നൽകാനും തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിൽ കരുണാപുരം പഞ്ചായത്തിൽ 13-5-2004-ൽ ഗൃഹപ്രവേശ ചടങ്ങിനോടനുബന്ധിച്ച് നടന്ന വിരുന്ന് സൽക്കാരത്തിൽ പങ്കെടുത്ത 65 പേർക്ക് ഭക്ഷ്യവിഷബാധയുണ്ടായി. ഇവരെ കട്ടപ്പന മെഡിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

കോളേജാശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇതിൽ 3 പേരുടെ നില ഗുരുതരമായിരുന്നു. ഇതിനെത്തുടർന്ന് ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ആഹാരസാധനങ്ങളായ മൈദ, പൊറോട്ട, വെജിറ്റബിൾ സൂപ്പ്, കറി, സാമ്പാർ പൗഡർ, മസാല, ചായപ്പൊടി, കടല, വെജിറ്റബിൾസ്, വെള്ളം എന്നിവ ഉൾപ്പെടെ 12 സാമ്പിളുകൾ ശേഖരിക്കുകയും അത് എറണാകുളം അനലിറ്റിക്കൽ ലബോറട്ടറിയിൽ പരിശോധനയ്ക്കായി നൽകുകയും ചെയ്തു. മേൽപ്പടി സാമ്പിൾ പരിശോധനയിൽ മൈദ, പൊറോട്ട എന്നിവയുടെ സാമ്പിളുകളിൽ എൻഡോസൾഫാൻ എന്ന കീടനാശിനി കണ്ടെത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ മേൽപ്പടി മൈദയും പൊറോട്ടയും ഭക്ഷ്യയോഗ്യമല്ല എന്ന് കാണിച്ച റിപ്പോർട്ട് പബ്ലിക് അനലിസ്റ്റ് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകി. കൂടാതെ പീരുമേട് സർക്കിൾ ഇൻസ്പെക്ടർ സ്ഥലം സന്ദർശിച്ച് പരിശോധന നടത്തുകയും ഭക്ഷ്യ വസ്തുക്കൾ വാങ്ങിയ കടയിൽ നിന്നും സാമ്പിളുകൾ പരിശോധനയ്ക്കെടുക്കുകയും ചെയ്തു. പരിശോധനയിൽ അവയിലൊന്നും കീടനാശിനിയുടെ അംശം കണ്ടെത്തിയില്ല. ഇപ്പോൾ അവരെല്ലാം രോഗവിമുക്തരായി ഡിസ്ചാർജ് ചെയ്തുകഴിഞ്ഞു. ഇതുസംബന്ധിച്ച് കമ്പംമെട്ട് പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 337-ാം വകുപ്പനുസരിച്ച് ക്രൈം നമ്പർ 54/2004 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(3) മലപ്പുറം ജില്ലയിലെ പൊൻമുണ്ടം പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂൾ അനുവദിക്കണമെന്നത് സംബന്ധിച്ച്

ശ്രീ. പി.കെ. അബ്ദുറബ്ബ്: എന്റെ നിയോജകമണ്ഡലത്തിലെ പൊൻമുണ്ടം ഗ്രാമപഞ്ചായത്തിൽ ഒരു ഹൈസ്ക്കൂൾ പോലുമില്ല. 7-ാം ക്ലാസ്സ് വിദ്യാഭ്യാസം കഴിഞ്ഞാൽ അവിടുത്തെ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ അഞ്ചും ആറും കിലോമീറ്റർ യാത്രചെയ്ത് സമീപ പഞ്ചായത്തുകളിലെ ഹൈസ്ക്കൂളുകളിലേയ്ക്ക് പോകേണ്ട സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. അവിടെ പുതിയ ഹൈസ്ക്കൂൾ സർക്കാർ തലത്തിൽ ആരംഭിക്കുവാനോ അല്ലെങ്കിൽ അവിടെ നിലവിലുള്ള യു.പി. സ്ക്കൂൾ ഹൈസ്ക്കൂളാക്കി അപ്ഗ്രേഡ് ചെയ്യാനോ അടിയന്തിര നടപടികളുണ്ടാകണം. ഇതിന് കാലതാമസമുണ്ടാകുകയാണെങ്കിൽ അവിടെ കോ-ഓപ്പറേറ്റ് മാനേജുമെന്റുകൾ എയ്ഡഡ് മേഖലയിൽ ഹൈസ്ക്കൂൾ നടത്താൻ തയ്യാറായി മുന്നോട്ട് വന്നിട്ടുണ്ട്. ഏത് വിധേനയെങ്കിലും അവിടുത്തെ ഹൈസ്ക്കൂൾ വിദ്യാഭ്യാസം ആ പഞ്ചായത്തിൽ നടത്താനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): പൊൻമുണ്ടം പഞ്ചായത്തിൽ സർക്കാർ മേഖലയിലോ എയ്ഡഡ് മേഖലയിലോ ഒരു ഹൈസ്ക്കൂൾ നിലവിലില്ല. സമീപപ്രദേശങ്ങളിലെ പഞ്ചായത്തുകളിലുണ്ട്. സംസ്ഥാനത്ത് ഇപ്പോൾ സർക്കാർ മേഖലയിലോ എയ്ഡഡ് മേഖലയിലോ പുതിയതായി ഹൈസ്ക്കൂൾ തുടങ്ങുന്നതിനോ നിലവിലുള്ള സ്ക്കൂൾ

LIBRARY ARCHIVES Kerala Legislative Assembly